LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് നൽകുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം

484. [599] ശ്രീ. ഉമ്മൻചാണ്ടി :
,, ടി. എച്ച്. മുസ്തഫ :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം പഞ്ചായത്തുകൾക്ക് നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ പഞ്ചായത്തുകൾക്ക് കുടിശ്ശിക നൽകാനുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് പ്രദേശത്തെ ഭൂമി കൈമാറുമ്പോൾ രജിസ്ട്രേഷൻ വകുപ്പ് ഈടാക്കുന്ന സർച്ചാർജിൽ നിന്നും 3% കളക്ഷൻ ചാർജ് കഴിച്ച് ഓരോ താലൂക്കിലും ലഭിക്കുന്ന തുകയുടെ 75% അതാതു താലൂക്കിലെ പഞ്ചായത്തുകൾക്ക് ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യുന്നു. ബാക്കി വരുന്ന 25% തുക താലൂക്കിലെ പഞ്ചായത്തുകൾക്ക് അവയുടെ വിസ്തീർണ്ണം, വരുമാന മാർഗ്ഗങ്ങൾ, ഭരണച്ചെലവ്, ആവശ്യം എന്നീ കാര്യങ്ങൾ കണക്കിലെടുത്ത് വിതരണം ചെയ്യുന്നു.

(ബി) 31-3-1986, 30-6-1986 എന്നീ തീയതികളിലവസാനിച്ച രണ്ട് ത്രൈമാസങ്ങളിലെ വിഹിതം വിതരണം ചെയ്യാനുണ്ട്..

(സി) സ്വീകരിക്കാം.

ഏഴിന പരിപാടികൾ

485. [600] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. സീതിഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാം പദ്ധതിക്കാലത്ത് ആരംഭിച്ച ഏഴിന പരിപാടിയിൽ ഇതിനകം എത്ര തുക ചെലവഴിച്ചു ;

(ബി) എത്ര തോടുകളും കനാലുകളും നിർമ്മിച്ചു ;

(സി) എത്ര കമ്മ്യൂണിറ്റിഹാളും കല്യാണമണ്ഡപവും നിർമ്മിച്ചു ;

(ഡി) എത്ര മിനിസ്റ്റേഡിയം നിർമ്മിക്കാൻ സഹായം നൽകി ;

(ഇ) എത്ര കിലോമീറ്റർ റോഡ് പുതുതായി നിർമ്മിച്ചു ;

(എഫ്) എത്ര കിലോമീറ്റർ റോഡിന്റെ പുനരുദ്ധാരണ ജോലികൾ ഏറ്റെടുത്തു ;

(ജി) എത്ര പഞ്ചായത്തുകളിൽ ചെറുകിട ജലസേചന പദ്ധതികൾ ആരംഭിച്ചു ?

ഉത്തരം

(എ) 12,22,05,380.50 രൂപ
(ബി) 460 കനാലുകൾ
(സി) 98.
(ഡി) 217.
(ഇ) 1241.60 കി. മീററർ.
(എഫ്) 2141 കി. മീററർ.
(ജി) 594.

റാന്നി നിയോജക മണ്ഡലത്തിലെ വീടുകൾക്ക് നമ്പർ ഇടാൻ നടപടി

486. [601] **ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ നാറാണം മൂഴി, വെച്ചൂച്ചിറ, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽ 1977-ന് മുമ്പ് കുടിൽ കെട്ടി താമസിച്ചവരും പട്ടയം നല്കുന്നതിന് ജോയിൻറ് വെരിഫിക്കേഷനുകളിൽ അർഹരാണ് എന്ന് തീരുമാനിക്കപ്പെട്ടവരുമായവരുടെ വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും വീട്ടുനമ്പർ ഇട്ടുകൊടുക്കുന്നില്ല എന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഇത്തരം വീടുകൾക്ക് നമ്പറുകൾ ഇട്ടു കൊടുക്കരുത് എന്ന് എന്തെങ്കിലും നിർദ്ദേശം കൊടുത്തിരുന്നുവോ ;

(സി) ഈ വീടുകൾക്ക് നമ്പരുകൾ ഇട്ടുകൊടുക്കാൻ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുറംപോക്ക് ഭൂമിയിൽ വച്ചിട്ടുള്ള വീടുകൾക്ക് നമ്പർ ഇട്ടുകൊടുക്കാൻ പാടില്ലായെന്ന് ഡിപ്പാർട്ടുമെൻറിന്റെ സർക്കുലർ ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പനച്ചിക്കാട് പഞ്ചായത്തിലെ പാലേടത്തു കടവുപാല , പുളിവേലികടവു പാലം എന്നിവയുടെ പണി

487. [602] **ശ്രീ. ഉമ്മൻ ചാണ്ടി**: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പനച്ചിക്കാട് പഞ്ചായത്തിലെ പാലേടത്തുകടവുപാലം, പുളിവേലികടവു പാലം എന്നിവയുടെ പണി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly